ഈ തൊഴിലാളികളേയും സംരക്ഷിക്കുന്നതിന് സർക്കാർ സത്വര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ബഹു. നമ്പാടൻ മാസ്റ്റർ ഇവിടെ ഉന്നയിച്ച പ്രശ്നത്തിന്റെ ഗൗരവം ഞാൻ മനസ്സിലാക്കുന്നു. മണ്ഡരി രോഗബാധയ്ക്കുള്ള പ്രതിരോധത്തിനുവേണ്ടി മരുന്ന് തളിക്കുന്ന പ്രവർത്തനം നടത്തുന്ന തൊഴിലാളികൾക്ക് ഇൻഷ്വറൻസിന്റെ പരിരക്ഷ നൽകിയിട്ടുണ്ട്. 24-2-2000 മുതലാണ് ഈ പരിരക്ഷ നിലവിൽ വന്നിട്ടുള്ളത്. അതിൽ മണ്ഡരി പ്രതിരോധ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന അവസരത്തിൽ അപകടം സംഭവിച്ച് മരണപ്പെടുകയാണെങ്കിൽ അവരുടെ കുടുംബത്തിന് ഒരു ലക്ഷം രൂപയുടെ നഷ്ടപരിഹാരം ലഭിക്കും. പ്രധാനപ്പെട്ട അവയവങ്ങൾ നഷ്ടപ്പെട്ടു പോയാൽ അതിന് അനുസൃതമായിട്ടുള്ള നഷ്ടപരിഹാരം ലഭിക്കുന്നതാണ്. മരണപ്പെടുന്ന കുടുംബത്തിന് രണ്ട് പെൺകുട്ടികളുടെ വിവാഹത്തിന് 5000 രൂപ വീതവും രണ്ട് കുട്ടികളുടെ വിദ്യാഭ്യാസത്തിന് 5000 രൂപ വീതവും നഷ്ടപരിഹാരം കിട്ടും. അതുപോലെ അപകടം സംഭവിച്ചിട്ടുണ്ടെങ്കിൽ അതിന്റെ ചികിത്സയ്ക്കുവേണ്ടി 5000 രൂപ സാമ്പത്തിക സഹായം ലഭിക്കും. ഇങ്ങനെയാണ് ആ പദ്ധതി രൂപപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ബഹു. നമ്പാടൻ മാസ്റ്റർ ഇവിടെ ഉന്നയിച്ച പ്രശ്നം 24-2-2000-ത്തിന് മുൻപാണ് സംഭവിച്ചത്. മരണപ്പെട്ട രണ്ട് തൊഴിലാളികളുടെ കുടുംബങ്ങളുണ്ട്. അവരുടെ മാത്രമല്ല തൃത്താല, തിരുമറ്റക്കോട്, ഇതുപോലെ തന്നെ മണ്ഡരിക്ക് പ്രതിരോധ പ്രവർത്തനം നടത്തുമ്പോൾ തെങ്ങിൽ നിന്നും വീണ് ഒരു തൊഴിലാളി മരിച്ചിട്ടുണ്ട്. വീണ് പരിക്ക് പറ്റിയിട്ടുള്ള നാലോളം തൊഴിലാളികൾ ഉണ്ട്. പരിക്ക് പറ്റിയവർക്ക് ചികിത്സിക്കുന്നതിനാവശ്യമായ സഹായം നൽകേണ്ടതുണ്ട്. മരണപ്പെട്ടിട്ടുള്ളത് മൂന്നോ നാലോ തൊഴിലാളികളാണെന്നാണ് ഗവൺമെന്റ് ഓർക്കുന്നത്. ആ കുടുംബങ്ങൾക്ക് 1 ലക്ഷം രൂപ വീതം സാമ്പത്തിക സഹായം നൽകേണ്ടതുണ്ട്. അത് ഗവൺമെന്റ് നൽകും. അതിന്റെ നടപടിക്രമം പൂർത്തീകരിക്കണമെന്ന് മാത്രമേയുള്ളു.

(10) അടിമാലി, മറയൂർ പഞ്ചായത്തുകളിൽ കൃഷി നഷ്ടപ്പെട്ടവർക്ക് സാമ്പത്തിക സഹായം

ശ്രീ. എ.കെ. മണി : സർ, എന്റെ മണ്ഡലമായ ദേവികുളം, അടിമാലി മേഖലയിൽ ഈ കഴിഞ്ഞ കാലങ്ങളിലുണ്ടായ കാറ്റും മഴയും കൊണ്ട് ധാരാളം വാഴകൃഷികൾ എല്ലാം നഷ്ടപ്പെട്ടു. അതുകൊണ്ട് കൃഷിക്കാർ വളരെയധികം ബുദ്ധിമുട്ടിലാണ്. അതിന് വേണ്ടത്ര നഷ്ടപരിഹാരം കൊടുത്ത് സഹായിക്കണം. അതുപോലെ മറയൂർ മേഖലയിൽ കരിമ്പിൻ തോട്ടത്തിലെ എല്ലാ കൃഷിയും കാട്ടാനകൾ നശിപ്പിച്ചു കൊണ്ടിരിക്കുകയാണ്. ഒന്നാമത് ശർക്കരയ്ക്ക് വിലയില്ല; ഇതും കൂടിയായതുകൊണ്ട് കൃഷിക്കാർ വളരെയധികം ബുദ്ധിമുട്ടിലാണ്. മറയൂർ മേഖലയിലെ ഈ പ്രശ്നത്തിന് ബഹു. മന്ത്രി ഉടനെ നടപടിയെടുക്കുമെന്ന് എനിക്ക് വിശ്വാസമുണ്ട്; എങ്കിൽപ്പോലും അത് കുറെക്കൂടി സ്പീഡ് ആക്കുക. എത്രയും വേഗം വാഴക്കൃഷിക്കും കരിമ്പു കൃഷിക്കും വേണ്ട നഷ്ടപരിഹാരം കൊടുത്ത് ഈ കൃഷിക്കാരെ സഹായിക്കാൻ വേണ്ടി അഭ്യർത്ഥിക്കുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, അടിമാലി പഞ്ചായത്തിൽ കാറ്റത്ത് വാഴക്കൃഷി നശിച്ചത് പ്രകൃതിക്ഷോഭം

LIBRARY ARCHIVES Kerala Legislative Assembly

മൂലമായതിനാൽ അതിന് നഷ്ടപരിഹാരം റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ആലോചിച്ച് കൊടുക്കും. മൂന്നാർ ഫോറസ്റ്റ് ഡിവിഷനിലെ മറയൂർ റെയ്ഞ്ചിൽ കാട്ടാന വന്നിട്ട് 2-3-2000-ന് കാന്തല്ലൂർ ദന്തക്കൊമ്പ് എന്ന സ്ഥലത്ത് ചെറിയ കുളത്തിൽ രണ്ട് കാട്ടാനകൾ വീഴുകയുണ്ടായി. വനം വകുപ്പ് ഉദ്യോഗ സ്ഥൻമാരുടെയും സമീപവാസികളുടേയും സഹായത്തോടുകൂടി മൂന്നാർ ഡി. എഫ്.ഒ ഈ ആനകളെ കുളത്തിൽ നിന്നും രക്ഷിച്ചു. പമ്പാമല ചവലക്കാടുക ളിലേയ്ക്ക് കയറ്റിവിടുകയും ചെയ്തു. എന്നാൽ ഈ കാട്ടാനകൾ അടുത്ത രാത്രി തിരിച്ചുവരികയും ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാരും സമീപവാസികളും ചേർന്ന് വീണ്ടും അടുത്ത കാട്ടിലേയ്ക്ക് അതിനെ കയറ്റിവിടുകയും ചെയ്തു. കഴിഞ്ഞ മാർച്ച് 16-ാം തീയതി ഈ ആനകളെ വീണ്ടും കാന്തല്ലൂരിൽ നിന്നും 15 കിലോമീറ്റർ അകലെയുള്ള ഉൾക്കാടിലേയ്ക്ക് തെളിച്ചുവിട്ടുവെങ്കിലും അവ വീണ്ടും ആ വഴിക്ക് വന്ന് കൃഷി നാശം ഉണ്ടാക്കി. അതൊരു സ്ഥിരം പതിവാ യിരിക്കുകയാണ്. ഇത് ബഹുമാന്യനായ വനം വകുപ്പുമന്ത്രിയുമായിട്ട് ആലോ ചിച്ച് വനം വകുപ്പുദ്യോഗസ്ഥന്മാർ ഇതിൽ വളരെയേറെ താല്പര്യപൂർവ്വം നട പടി സ്വീകരിച്ചിട്ടുണ്ട്. ഈ ആനകളെ തെളിച്ച് കാട്ടിലേയ്ക്ക് കയറ്റുന്ന കാര്യ ത്തിലും ഇനി ആനകളെ മയക്കുവെടിവച്ച് പിടികൂടാനുള്ള സാദ്ധ്യതകളെക്കു റിച്ചും വിദഗ്ദ്ധരുമായിട്ടും ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാരുമായിട്ടും ആലോചി ക്കുന്നുണ്ട്. ഇന്ന് കാലത്ത് ബഹുമാന്യനായ ഫോറസ്റ്റ് മിനിസ്റ്ററുമായി ആലോ ചിച്ച് കാട്ടാനയുടെ ശല്യം കൊണ്ടുണ്ടായിട്ടുള്ള കൃഷി നാശത്തിന് നഷ്ടപരി ഹാരം നൽകുന്നതിനുള്ള നടപടി വനം വകുപ്പിൽ നിന്നും അടിയന്തിരമായി സ്വീകരിച്ചിട്ടുണ്ട്. അങ്ങ് പറഞ്ഞ ശർക്കരയുടെ കാര്യം, അത് ഏറ്റവും നല്ല ശർക്കരയാണ്. അവരുണ്ടാക്കുന്ന മറയൂർ ശർക്കര വളരെ സ്വാദിഷ്ടമാണ്, ഏറ്റവും നല്ല കരിമ്പു കൃഷിക്കാർ അവിടെയാണുള്ളത്. ചിറ്റൂരുമുണ്ട്. അതു കൊണ്ട് മറയൂർ ശർക്കര പായസമുണ്ടാക്കുന്നതിനും അതുപോലെ അപ്പമു ണ്ടാക്കുന്നതിനും ഒക്കെവളരെ പ്രധാനപ്പെട്ടതാണ്.

മി. സ്പീക്കർ : അതിന് സ്വാദുണ്ടോയെന്ന് സഭയ്ക്കറിയില്ല.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഞാൻ ബഹുമാനപ്പെട്ട അംഗ ത്തോട് തന്നെ പറയുന്നുണ്ട്. തിങ്കളാഴ്ച സഭ സമ്മേളിക്കുമ്പോൾ മറയൂർ ശർക്കരയുടെ സ്വാദ് അങ്ങേയ്ക്കും സഭാംഗങ്ങൾക്കും രുചിക്കാൻ വേണ്ടി കുറച്ചു കൊണ്ടുവരാൻ. ദേവസ്വത്തിന്റെ ചുമതലവഹിക്കുന്ന വനം വകുപ്പു മന്ത്രിയുമായിട്ട് ശർക്കരയുടെ പ്രശ്നം ചർച്ച ചെയ്തിട്ടുണ്ട്. കേരളത്തിലെ മൂന്ന് ദേവസ്വങ്ങളിലുള്ള ക്ഷേത്രങ്ങളിൽ ഈ ശർക്കര എടുപ്പിക്കുന്നതിനാവ ശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തു. ഗുരുവായൂർ, കൊച്ചി ദേവസ്വ ങ്ങളുടെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ഈ ശർക്കര ഉപയോഗിക്കുന്നതിന് പരമാ വധി ശ്രമിക്കും.

(11) കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിലേയും മേത്തല, ഏറിയാട് എന്നീ പ്രദേശങ്ങളിലെയും കുടിവെള്ളക്ഷാമം.

പ്രൊഫ. മീനാക്ഷി തമ്പാൻ : സർ, കൊടുങ്ങല്ലൂർ പട്ടണപ്രദേശത്തും മേത്തല, ഏറിയാട് എന്നീ പഞ്ചായത്തുകളിലും അനുഭവപ്പെടുന്ന അതിരൂക്ഷ മായ കുടിവെള്ളക്ഷാമത്തിലേയ്ക്കാണ് ഞാൻ ബഹുമാനപ്പെട്ട ജലസേചനവ കുപ്പുമന്ത്രിയുടെ ശ്രദ്ധക്ഷണിക്കുന്നത്. കഴിഞ്ഞ 25 ദിവസങ്ങൾക്കുള്ളിൽ നാല് തവണ പൈപ്പ് പൊട്ടിത്തകർന്നതുമൂലം കൊടുങ്ങല്ലൂർ നഗരസഭയുടെ

LIBRARY ARCHIVES Kerala Legislative Assembly